**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 926** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതർക്കും ടൂറിസത്തിനും മിച്ചഭൂമി വിട്ടുനൽകാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പാലാ മീനച്ചിൽ താലൂക്കിൽ രാമപുരം വില്ലേജിൽ ഭൂപരിഷ്കരണ നിയമത്തിന്റെ ലംഘനമാണെന്ന് കണ്ട് സ്റ്റേറ്റ് ലാൻറ് ബോർഡ്, ടി.എൽ.ബി.(ഇ.8) 6590/2017 തീയതി 24/07/2017 നമ്പർ ഉത്തരവ് പ്രകാരം,ബ്ലോക്ക് നമ്പർ 28 റീസർവേ നമ്പർ 245 (പഴയ സർവേ നമ്പർ 1321) സ്ഥലത്ത് ടി.എൽ.ബി. പുനഃപരിശോധന പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ രാമപുരം വില്ലേജിൽ പഴയ സർവ്വെ 1321-ൽ പ്പെട്ട ഭൂമിയിൽ റീ സർവ്വെയ്ക്ക് മുമ്പ് മിച്ചഭൂമിയായി ഏറ്റെടുത്ത മുഴുവൻ ഭൂമിയും റീ സർവ്വെയിൽ മിച്ചഭൂമിയായി നിലനിർത്താതെ മുൻ ജന്മിയുടെ കുടി പേരിൽ ഉൾപ്പെട്ടുവന്നിട്ടുള്ളതാണ്. മിച്ചഭൂമിയും, പ്ലാന്റേഷൻ ഇനത്തിൽ കേരളാ ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഇളവ് നേടിയ കയ്യാലയും, കുടുംബത്തിലെ വിവിധ വ്യക്തികളുടെ പേരിലുള്ള തോട്ടഭൂമിയും, കൈവശഭൂമികളും, അതിര് തിരിയാതെ ഒന്നായി കിടക്കുന്നതിനാൽ ടി അപാകത പരിഹരിക്കുന്നതിനുവേണ്ടി ഒരു സർവ്വേ ടീമിനെ നിയമിച്ച് സർവ്വെ നടപടികൾ ആരംഭിച്ചിരുന്നു. ടി സർവ്വെ നടപടികൾ പൂർത്തിയായിട്ടില്ല. |
| (ബി) | മിച്ചഭൂമി ഭൂരഹിതർക്കും ടൂറിസം പദ്ധതിക്കും വിട്ടുനൽകുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിൽ വരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ രാമപുരം വില്ലേജിൽ പഴയ സർവ്വെ 1321-ൽ പ്പെട്ട ഭൂമിയിൽ റീ സർവ്വെയ്ക്ക് മുമ്പ് മിച്ചഭൂമിയായി ഏറ്റെടുത്ത മുഴുവൻ ഭൂമിയും റീ സർവ്വെയിൽ മിച്ചഭൂമിയായി നിലനിർത്താതെ മുൻ ജന്മിയുടെ കുടി പേരിൽ ഉൾപ്പെട്ടുവന്നിട്ടുള്ളതാണ്. മിച്ചഭൂമിയും, പ്ലാന്റേഷൻ ഇനത്തിൽ കേരളാ ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഇളവ് നേടിയ കയ്യാലയും, കുടുംബത്തിലെ വിവിധ വ്യക്തികളുടെ പേരിലുള്ള തോട്ടഭൂമിയും,കൈവശഭൂമികളും, അതിര് തിരിയാതെ ഒന്നായി കിടക്കുന്നതിനാൽ ടി അപാകത പരിഹരിക്കുന്നതിനുവേണ്ടി ഒരു സർവ്വേ ടീമിനെ നിയമിച്ച് സർവ്വെ നടപടികൾ ആരംഭിച്ചിരുന്നു. ടി സർവ്വെ നടപടികൾ പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ